കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറുവ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.11/2293/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം
തിയ്യതി. 14-10-2019

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

കുറുവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുവ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുറുവ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

കെ.എസ്.എ.എം.പി.എം.11/2293/2019 തിയ്യതി 14-10-2019

## മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2018 മുതൽ 18.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :19.08.2019 മുതൽ 20.08.2019 വരെ &
27.08.2019 മുതൽ 07.09.2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.അബ്ദുൽ സത്താർ സി പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അഷ്റഫ് കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ യൂസഫ് പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. യൂസഫ് മുല്ലപ്പള്ളി | 01.04.2018 മുതൽ 31.03.2019 വരെ |

## ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| ശ്രീ. ഉണ്ണികൃഷ്ണൻ ആർ.പി. | 01.04.2018 മുതൽ 31.05.2018 വരെ |
| ശ്രീ. മുഹമ്മദ് ബഷീർ എ<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 01.06.2018 മുതൽ 26.06.2018 AN വരെ |
| ശ്രീ. കെ.ടി സന്തോഷ് | 27.06.2018 FN മുതൽ 09.10.2018 AN വരെ |
| ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 10.10.2018 FN മുതൽ 19.10.2018 വരെ |
| ശ്രീമതി. ഐ. സുബൈദാബായ് | 20.10.2018 മുതൽ 20.03.2019 വരെ |
| ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി,<br>(ഇൻ ചാർജ്ജ്) | 21.03.2019 മുതൽ 31.03.2019 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.മുഹമ്മദ് ബഷീർ.എ | 01.04.2018 മുതൽ 28.06.2018 FN വരെ |
| | ശ്രീ. പി.അരവിന്ദൻ | 28.06.2018AN മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. സുബൈദ | 01/04/2018 മുതൽ 31/03/2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.അനിൽ കുമാർ ചോലക്കാട്ട് | 01.04.2018 മുതൽ 18.11.2018 വരെ |
| | ശ്രീ. ജോൺസൺ.പി.സി | 19.11.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൈഫുദ്ധീൻ.പി. | 01/04/2018 മുതൽ 31/03/2019വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | 1.ശ്രീമതി.മിനി.കെ.പി.<br>2.ശ്രീമതി. ദാക്ഷായണി | 01/04/2018മുതൽ 09.07.2018 വരെ<br>10.07.2018 മുതൽ 31/03/2019വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി.) | ഡോ.പ്രസന്നകുമാർ. | 01/04/2018മുതൽ 31/03/2019വരെ |
| മെഡിക്കൽഓഫീസർ, (ആയുർവേദം) | ഡോ. ഉഷാവത്ത് | 01/04/2018മുതൽ 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ-(ഹോമിയോ) | ഡോ.സുമയ്യ.പി. | 01/04/2018മുതൽ 31/03/2019വരെ |
| വി.ഇ.ഒ | ശ്രീമതി.ഉഷാദേവി.കെ. | 01/04/2018മുതൽ |

| | | |
|---|---|---|
| | | 31/03/2019വരെ |
| കൃഷി ഓഫീസർ | ശ്രുഹൈബ് തൊട്ടിയൻ | 01/04/2018മുതൽ 31/03/2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നസീമ.കെ. | 01/04/2018മുതൽ 31/03/2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | റേഷൻ കടകൾക്ക് ലൈസൻസ്, തൊഴിൽ നികുതി ഇല്ല | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-15 |
| 16 | പഞ്ചായത്ത് ഓഫീസ് നവീകരണം- പഴയ ഫർണ്ണിച്ചറുകൾ ലേലം ചെയ്തില്ല | 1-16 |
| 17 | റെന്റ് എ കാർ വ്യവസ്ഥയിൽ വാഹനം വാടകക്കെടുത്തു | 1-17 |
| 18 | മരുന്ന മുഴുവൻ ലഭ്യമായിട്ടില്ല | 1-18 |
| 19 | കുടിവെള്ള പദ്ധതി നവീകരണം- മാറ്റിയ സാമഗ്രികൾ ഉപേക്ഷിച്ച നിലയിൽ | 1-19 |
| 20 | തുല്യതാ പരീക്ഷ:വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 21 | SC കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ -ചെലവ് രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം നൽകി | 1-21 |

| | | |
|---|---|---|
| 22 | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകളില്ലാതെ സ്വകാര്യ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | 1-22 |
| | ഭാഗം II<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>**ഇല്ല** | |
| | ഭാഗം III<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>**ഇല്ല** | |
| | ഭാഗം IV<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 23 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 31 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | 4-12 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.3.2018 തീയതിയിലെ 1-ാം തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 6.2.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,81,48,712 |
| വരവ് | 10,02,01,968 |
| ആകെ | 13,83,50,680 |
| ചെലവ് | 8,60,78,758 |
| നീക്കിയിരിപ്പ് | 5,22,71,922 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 26876587 | 26876587 | 26831086 | 45501(treasury Q bill - 45000) |
| വികസന ഫണ്ട് (എസ്.സി.പി) | - | 6253000 | 6253000 | 5357072 | 895928(treasury Q bill - 250000) |
| വികസന ഫണ്ട് (ടി. എസ്.പി) | - | 189000 | 189000 | 40582 | 148418 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 10725000 | 1072500 | 10204210 | 520790 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | - | 5537000 | 5537000 | 5537000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 12476000 | 12476000 | 11952467 | 523533 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 21288290 | 16038957 | 37327247 | 9033334 | 28293913 |
| എം.ജി.എൻ ആർ.ഇ. ജി. എസ് | 40594 | 15099656 | 15140250 | 15140075 | 175 |
| എസ്.ബി. ടി (പ്ലാൻ) | 1534776 | - | 1534776 | 649 | 1534127 |
| ട്രഷറി ടി.എസ്.ബി ജോയന്റ് വെഞ്ചർ | (-)595746 | 7463970 | 6868224 | 2740929 | 4127295 |
| എസ്.ബി.ടി (ഒ.എ.പി) | 20198 | 716 | 20914 | -- | 20914 |
| എസ്.ബി.ടി (എസ്.എസ്.എ) | 286039 | 17 | 286056 | -- | 286056 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി (Total sanitation) | 1523940 | 1700430 | 3224370 | - | 3224370 |
| എസ്.ബി.ടി, പാങ്ങ് (Online) | 149835 | 456591 | 606426 | 295649 | 310777 |
| എസ്.ബി.ടി (Own fund) | 1026936 | 34200 | 1061136 | 127802 | 933334 |
| പാങ്ങ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Own fund) | 12631095 | 12510825 | 25141920 | 11716014 | 13425906 |
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 19 | - | - | - | 19 |
| ബി ഫണ്ട് | -- | 60499413 | 60499413 | 60499413 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 278 | 116980098 | 214 | 68163095 | 135 | 64 | 77 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 40594 | 387656 | 428250 | 428075 | 175 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 9992000 | 9992000 | 9992000 | - |
| Material + skilled labour | - | 4720000 | 4720000 | 4720000 | - |
| ആകെ | 40594 | 15099656 | 15140250 | 15140075 | 175 |

# 1-7 ക്ഷേമപദ്ധതികൾ

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.</u>

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49200 | 54 |
| കർഷക തൊഴിലാളി വേതനം | 4390300 | 343 |
| വിധവാ പെൻഷൻ | 21485600 | 1711 |
| വാർദ്ധക്യകാല പെൻഷൻ | 26241600 | 2126 |
| വികലാംഗ പെൻഷൻ | 6708100 | 564 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ | 240000 | 8 |

| | | |
|---|---|---|
| ധനസഹായം | | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 464400 | 45 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42452 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1) പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) പഞ്ചായത്ത് കാര്യാലയ കോമ്പൗണ്ടിനകത്തു കിടക്കുന്ന പഴയ ഫർണിച്ചർ, മറ്റു പാഴ് വസ്തുക്കൾ എന്നിവ യഥാസമയം തന്നെ കൈയൊഴിയുന്നതിനു ശ്രദ്ധിക്കുന്നില്ല.

3) ഫ്രണ്ട് ഓഫീസ് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടില്ല.

4) അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തുന്ന കെട്ടിട നിർമാണങ്ങളുടെ ഫയലുകളിൽ ചട്ടപ്രകാരമുള്ള സാക്ഷ്യപത്രം, ഡ്രോയിങ്ങുകൾ എന്നിവ ചേർക്കുന്നില്ല.

4) തപാൽ നീക്കം സൂചിപ്പിക്കുന്നതിന് പേഴ്സണൽ രജിസ്റ്ററുകൾ തയ്യാറാക്കുകയോ, മേൽനോട്ടം നിർവഹിക്കുകയോ ചെയ്യുന്നില്ല.

5)മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൽഫലമായി ഉദ്യോഗസ്ഥരുടെ വിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാകാൻ പ്രയാസം/കാലതാമസം നേരിടുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-6-2019 | 1-2-2019 മുതൽ 31-5-2019 | 28-6-2019 |
| എ.ജി ഓഡിറ്റ് | 27-6-2013 | 1997-98 മുതൽ 2007-08 | 13-4-2015 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ.

1- അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ അപൂർണ്ണമാണ്.

2- സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് ഇനങ്ങൾ വാല്യൂബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല. മാത്രമല്ല നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3- വെറ്ററിനറി സർജൻ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. TR 7A കാഷ്ബുക്കിലല്ല പഞ്ചായത്ത് വരവ് ചെലവുകൾ രേഖപ്പെടുത്തുന്നത് .

4-ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5- തനതു ഫണ്ടിന് താഴെ പറയും പ്രകാരം രണ്ടു ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

പാങ്ങ് സർവ്വീസ് കോപറേറ്റീവ് ബാങ്ക് . ആയത് ക്രമപ്രകാരമല്ല.

6-സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി പിരിവ് സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, അഡ്വാൻസ് കളക്ഷൻ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 5668071 | 5957235 | 289164 |
| | കുടിശ്ശിക | 1834720 | 1320566 | 514154 |
| കളക്ഷൻ | തൻവർഷം | 5393339 | 5957235 | 563896 |
| | കുടിശ്ശിക | 1254182 | 1320566 | 66384 |
| അഡ്വാൻസ് കളക്ഷൻ | | 60140<br>(RP 36 പ്രകാരം) | 254586 | |

7. തൊഴിൽ നികുതി (ട്രേഡേഴ്സ്), ഡി &ഒ ലൈസൻസ് എന്നീ വരവിനങ്ങളുടെ വാർഷിക കണക്ക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | AFS പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| തൊഴിൽ നികുതി | ഡിമാന്റ് | 513460 | 395190 | 118270 |
| | കളക്ഷൻ | 484960 | 395190 | 89770 |
| ഡി&ഒ ലൈസൻസ് | ഡിമാന്റ് | 208920 | 172050 | 36878 |
| | കളക്ഷൻ | 181920 | 172050 | 9878 |

8-പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീ കളക്ഷൻ, വാർഷിക കണക്കു പ്രകാരം 500 രൂപയാണ്. എന്നാൽ, രജിസ്റ്റർ പ്രകാരം 3850 രൂപ കാണുന്നു.

9-പെർമിറ്റ് ഫീ, റെഗുലറൈസേഷൻ ഫീ എന്നീ വരവിനങ്ങൾക്ക് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10-വാടക, ലേലം, ഡി &ഒ ലൈസൻസ് എന്നീ വരവിനവങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11-ഷെഡ്യൂൾ B- 18പ്രകാരം 2920806 രൂപ അഡ്വാൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

12- അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

13- 2017-18 വാർഷികക്കണക്കിൽ പരാമർശിച്ച അപാകതകൾ പൂർണമായും പരിഹരിച്ചിട്ടില്ല.

# 1-12 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 വർഷത്തെ എഗ്രിമെന്റ് റജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്ത പ്രകാരം 31 കരാറുകാർ പഞ്ചായത്തിലെ വിവിധ മരാമത്തു ജോലികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും 2018-19

സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| | | | |
|---|---|---|---|
| 1. | ശ്രീ.അമീറലി എൻ | 17. | ശ്രീ.സൈദാലി പി വി |
| 2. | ശ്രീ.മുഹമ്മദ് അലി പി | 18. | ശ്രീ.സൈദാലി എം |
| 3. | ശ്രീ.മുഹമ്മദ് ജുറൈജ് കെ കെ | 19 | ശ്രീ.അഫ്ത്താബ് വൈ |
| 4. | ശ്രീ.അബ്ദുൽ റഹിം കെ | 20. | ശ്രീ.മൊയ്ദു കെ |
| 5. | ശ്രീ.സൈഫുല്ല പി കെ | 21. | ശ്രീ. മുഹമ്മദ് മുസ്തഫ എം |
| 6. | ശ്രീ.മുഹമ്മദ് പി.കെ | 22. | ശ്രീ.അബ്ബാസ് കെപി |
| 7. | ശ്രീ.മൊയ്ദീൻ കുട്ടി കെ പി | 23. | ശ്രീ.താരിഖ് ബാബു കെ |
| 8. | ശ്രീ.ശംസുദീൻ ടി. | 24. | ശ്രീ.അബ്ദുൽ സലാം കെ കെ |
| 9. | ശ്രീ.മുഹമ്മദ് തസ്നീം | 25. | ശ്രീ. മുഹമ്മദ് അമീൻ കെ |
| 10. | ശ്രീ.ഹംസാദ് ജാൻ എം | 26. | ശ്രീ.മുഹമ്മദ് യൂനസ് |
| 11. | ശ്രീ.ഷറഫുദ്ദീൻ കെ | 27. | ശ്രീ. ആബിദ് കെ പി |
| 12. | ശ്രീ. മുഹമ്മദ് മുസ്തഫ എം | 28. | ശ്രീ.ഷിബു കെ |
| 13. | ശ്രീ. മുഹമ്മദ് അലി ടി | 29. | ശ്രീ.ഹംസ വിപി |
| 14. | ശ്രീ.അബ്ദുൽ സമദ് കെ | 30. | ശ്രീ.അബ്ദുൽ റഷീദ് പി |
| 15. | ശ്രീ.സാദിഖലി പി വി | 31. | ശ്രീ.അലി എം പി |
| 16. | ശ്രീ.മുഹമ്മദ് ഹാഫിഖ് | | |

തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രസീതി നം./തിയതി സഹിതം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-7/4.9.2019) ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടിക്കായി എഞ്ചിനിയറിംഗ് സെക്ഷനു കത്തു നല്കിയതായി അറിയിച്ചു.

തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. (ആവശ്യമെങ്കിൽ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം AE യോട് ആരായാവുന്നതാണ്). തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും അവരുടെ വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-13 റേഷൻ കടകൾക്ക് ലൈസൻസ്, തൊഴിൽ നികുതി ഇല്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിലെ ഇതുമായി ബന്ധപ്പെട്ട ഡി ആൻഡ് ഓ റജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നല്കിയതായോ തൊഴിൽ നികുതി പിരിച്ചതായോ കാണുന്നില്ല.

റേഷൻ കടകൾക്ക് നിയമപ്രകാരമുള്ള ലൈസൻസ് നല്കാനും, അവയിൽ നിന്നും വരുമാനത്തിനു ആനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിച്ചിട്ടുള്ള പക്ഷം ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ്

എൻക്വയറി നമ്പർ 8/4.9.2019 ന മുഴുവൻ റേഷൻ കടകൾക്കും നോട്ടിസ് നല്കിയതായി അറിയിച്ചു. പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2018-19 ലെ രണ്ടാം അർധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ബന്ധപ്പെട്ട റജിസ്റ്ററിലും രേഖകളിലും സ്ഥലം മാറിപ്പോയതിന്റെയോ വിരമിച്ചതിന്റെയോ വിശദാംശം (സ്ഥാപനം,തിയതി മുതലായവ) രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരൻ | തസ്തിക |
|---|---|---|---|
| 1 | ജിഎച്ച്എസ് പാങ്ങ് | ശ്രീ ജോയ് ഉല്ലാസ് | സീനിയർ ക്ലർക്ക് |
| | | ശ്രീമതി സുനിത എ സി | എച്ച് എസ് എ (എസ് എസ്) |
| 2 | ഐകെടിഎച്ച്എസ്എസ് ചെറുകുളമ്പ | ശ്രീ അബ്ദുല്ല കെ. | എച്ച് എസ് എ |
| | | ശ്രീമതി വത്സമ്മ വി എക്സ് | “” |
| | | ശ്രീമതി സാലി പി | ഡ്രോയിംഗ് ടീച്ചർ |
| 3 | കുറുവ വില്ലേജ് ഓഫീസ് | ശ്രീ ശ്രീജിത്ത് ഒപി | വി എഫ് എ |
| | | ശ്രീമതി സുജ ഇ. | HSST ഇക്കണോമിക്സ് |
| | | ശ്രീ ഷിബു എ. | “” Phy. |
| | | ശ്രീ അരുൺ കെ.എ | “” പൊളിറ്റി. സയൻസ് |
| | | ശ്രീ മുഹമ്മദ് കോയ എം. | “” ഹിസ്റ്ററി |
| | | ശ്രീ രാജേഷ് പി.ടി | “” സുവോളജി |
| | | ശ്രീ മുഹമ്മദ് റഷീദ് | “”കൊമേഴ്സ് |
| 4 | ജി എച്ച് എസ് എസ് പാങ്ങ് | ശ്രീമതി ബിന്ദു ജി | “” മലയാളം |
| | | ശ്രീമതി ശ്രീജ. ടി. കെ. | “” സൈക്കോളജി |
| | | ശ്രീമതി താജമ്മു കെ. | “” മാത്ത്സ്. |
| | | ശ്രീമതി റസീന ബീവി എ. | “” ഇംഗ്ലീഷ് |
| | | ശ്രീമതി ആഷ എസ് | “” |
| | | ശ്രീമതി പ്രിയ വി | “” കെമിസ്ട്രി |
| | | ശ്രീ അയൂബ് എ. | “” അറബിക് |
| | | ശ്രീമതി സിജി പി.എം | “” ഹിസ്റ്ററി |
| | | | |

| | | | |
|---|---|---|---|
| | | ശ്രീ അബ്ദുൽ ഷുക്കൂർ ടി.കെ | “” സൈക്കോളജി |
| | | ശ്രീ നൗഫൽ ടി. | “”ഇംഗ്ലീഷ് |
| | | ശ്രീ ഷാനവാസ് | “” |
| | | ശ്രീ സുഭാഷ് പി.വി | “” പൊളിറ്റിക്കൽ സയൻസ് |
| 5 | സർവീസ് കോ. ഓ. ബാങ്ക് പാങ്ങ് | ശ്രീ ടി.കാദർ | സീനിയർ ക്ലർക്ക് |
| | | ശ്രീ. പി. അബ്ദുൽ സലാം | ഇന്റേണൽ ഓഡിറ്റർ |
| | | ശ്രീ. സി പി മുഹമ്മദ് | ജൂനിയർ ക്ലർക്ക് |

പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

സെക്രട്ടറിയുടെ താഴെ പറയുന്ന വൗച്ചറുകളുടെ കൂടെ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ/ ബിൽ നമ്പർ / തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21800053/ 12-04-18 | 5000 | നെച്ചിക്കുത്ത് പറമ്പ് കടാരം റോഡ് പടാലംകുന്ന് എസ്.സി ശ്മശാനം കോളനിറോഡ് കോൺക്രീറ്റിംഗിന്റെ KCWWF വിഹിതം അടക്കാനായി പിൻവലിച്ചത് | തുക അടവാക്കിയ വിവരമില്ല |
| 2 | 21800054/ 12-04-18 | 4861 | നെച്ചിക്കുത്ത് പറമ്പ് എസ്.സി കോളനിറോഡ് കോൺക്രീറ്റിംഗിന്റെ KCWWF വിഹിതം അടക്കാനായി പിൻവലിച്ചത് | -ടി- |
| 3 | 21800055/ 12-04-18 | 4769 | മണ്ണാർപ്പടി നമസ്കാര പള്ളി റോഡ് കോൺക്രീറ്റിംഗിന്റെ KCWWF വിഹിതം | -ടി- |

| | | | | |
|---|---|---|---|---|
| | | | അടക്കാനായി പിൻവലിച്ചത് | |
| 4 | 21800077 /27-04-18 | 4769 | മണ്ണാർപ്പടി നമസ്കാര പള്ളി റോഡ് കോൺക്രീറ്റിംഗിന്റെ IT വിഹിതം അടക്കാനായി പിൻവലിച്ചത് | -ടി- |
| 5 | 21800196/ 04-06-18 | 2,20,000 | ആരോഗ്യ ജാഗ്രത കാമ്പയിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി)നൽകിയത് | തുക വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല |
| 6 | 21800356/ 14-08-18 | 10,000 | കർഷക ദിനാചരണത്തിന് പഞ്ചായത്ത് ലെവൽ കൃഷി ഓഫീസർക്ക് മുൻകൂർ നൽകിയ തുക | -ടി- |
| 7 | 21800409/ 05-09-18 | 10,000 | ശ്രീ.പി.അരവിന്ദൻ, അസി. സെക്രട്ടറിയുടെ ലോൺ റിക്കവറിയിനത്തിൽ പിടിച്ച തുക കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ആലപ്പുഴ അടവാക്കാനുള്ളത്. | അടവാക്കിയ വിവരമില്ല |
| 8 | 21800461/ 04-10-18 | 12,000 | സൗജന്യ കാൻസർ നിർണ്ണയ ക്യാമ്പിനായി മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി)നൽകിയത്. | തുക വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല |
| 9 | 21800563/ 14-11-18 | 10,000 | എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ Full A+ കിട്ടിയ കുട്ടികൾക്ക് മൊമെന്റോ നൽകാനായി പിൻവലിച്ചത് | അവാർഡ് ചടങ്ങ് നടത്തിയതിന്റെയും പങ്കെടുത്ത കുട്ടികളുടെ മാർക്ക് ലിസ്റ്റ്, കൈപ്പറ്റ് തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല. |
| 10 | 29/18-19/18-03-19<br>31/18-19/26-03-19 | 29,171<br>5,00,000 | പ്ലാസ്റ്റിക് ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് നൽകിയത്. | സപ്ലൈ ഓർഡർ നൽകി 90 ദിവസത്തിനുള്ളിൽ മെഷീനറി സ്ഥാപിക്കേണ്ടതാണെങ്കിലും ഓഡിറ്റ് തീയതി വരെയും മെഷീനറി സ്ഥാപിച്ചിട്ടില്ല. |

| | |
|---|---|
| ആകെ | 810570 |

മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് 06-09-2019 – ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ക്രമ നമ്പർ 5,8 എന്നിവക്ക് വിശദീകരണം നൽകാൻ മെഡിക്കൽ ഓഫീസർക്കും (പി.എച്ച്.സി) ക്രമ നമ്പർ 10 ന് വിശദീകരണം നൽകാൻ ക്ലീൻ കേരള കമ്പനി മാനേജർക്കും കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിന്റെ തുടർനടപടി വിവരം ലഭിക്കേണ്ടതുണ്ട്.അത് പോലെ ക്രമ നമ്പർ 6 ന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. മുഴുവൻ അപാകതകൾക്കും വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കുന്നത് വരെ 8,10,570 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-16 പഞ്ചായത്ത് ഓഫീസ് നവീകരണം- പഴയ ഫർണ്ണിച്ചറുകൾ ലേലം ചെയ്തില്ല

ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണത്തിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 18,00,000 രൂപ വകയിരുത്തി പഞ്ചായത്ത് ക്യാബിൻ ചെയ്യൽ (280/19) എന്ന പ്രോജക്റ്റ് തയ്യാറാക്കുകയും പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത KADCO എന്ന സ്ഥാപനത്തിന് ഫർണ്ണിഷിംഗ് ജോലി പൂർത്തിയാക്കിയ ഇനത്തിൽ ആകെ 6,36,020 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിനുള്ളിൽ ഉണ്ടായിരുന്ന പഴയ ഫർണ്ണിച്ചറുകൾ ലേലം ചെയ്യാതെ കാര്യാലയത്തിന്റെ ഒന്നാം നിലയിലെ വരാന്തയിലും സ്റ്റെയർകേസിന് സമീപത്തായും അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുകയാണ്. ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് 05-09-2019 -ന് നൽകിയ 10 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

# 1-17 റെന്റ് എ കാർ വ്യവസ്ഥയിൽ വാഹനം വാടകക്കെടുത്തു

സർക്കാർ അനുമതിയില്ലാതെ റെന്റ് എ കാർ വ്യവസ്ഥയിൽ വാഹനം വാടകക്കെടുത്തതായി കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ സ്വന്തം വാഹനം 2 മാസത്തേക്ക് റിപ്പയറിനായി നിർത്തിയപ്പോഴാണ് ഭരണസമിതി ഇപ്രകാരം ചെയ്തത്.

ഗ്രാമ പഞ്ചായത്തിന്റെ നിലവിലുള്ള KL/53 3905 നമ്പർ ബൊലോറോ ജീപ്പ് റിപ്പയറിനായി വർക്ക് ഷോപ്പിൽ നിർത്തിയിട്ടതിനാൽ സ്വകാര്യ വാഹനം വാടകക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ക്വട്ടേഷനിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ (ഡ്രൈവറുടെ സേവനവും ഇന്ധനചെലവും ഇല്ലാതെ പ്രതിദിനം 850/- രൂപ) ശ്രീ.അബ്ദുൽ നാസർ.കെ, കണക്കരത്തൊടി, മക്കരപറമ്പ് എന്നവരുടെ KL/03 K 3318 നമ്പർ വാഹനം 14-03-18 മുതൽ വാടകക്കെടുക്കാൻ ഭരണസമിതിയുടെ 14-03-18 -ലെ 2(2) നമ്പറായി തീരുമാനമെടുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 14-03-18 മുതൽ 16-05-18 വരെ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വാടക വാഹനം ഓടിയിട്ടുണ്ട്.

വാഹനങ്ങൾ വാടകക്കെടുക്കുമ്പോൾ ഡ്രൈവർ, ഇന്ധനച്ചെലവ്, മെയിന്റനൻസ് ചാർജ് എന്നിവ ഉൾപ്പെടെയാണ് എടുക്കേണ്ടത്. എന്നാൽ ഇക്കാര്യം കണക്കിലെടുക്കാതെ, റെന്റ് എ കാർ വ്യവസ്ഥയിൽ വാഹനം മാത്രം വാടകക്കെടുത്തതിലൂടെ ഡ്രൈവറുടെ വേതനം, ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിൽ വാടക വാഹനം ഓടിയ 14-03-18 മുതൽ 16-05-18 വരെ താഴെ പറയും വിധം അധികച്ചെലവ് വന്നിട്ടുണ്ട്.

| ക്രമ | ചെലവിനം | വൗച്ചർ | തുക | റിമാർക്സ് |
|---|---|---|---|---|

| നമ്പർ | | നമ്പർ/ തീയതി | | |
|---|---|---|---|---|
| 1 | ഡ്രൈവറുടെ വേതനം | 21800023/ 06-04-18 | 10,960 | 14-03-18 മുതൽ 31-03-18 വരെ 16 ദിവസത്തിന് 685/- രൂപ നിരക്കിൽ നിലവിലെ താൽക്കാലിക ഡ്രൈവർ ശ്രീ.വി.സി മൻസൂറിന് നൽകിയത്. |
| 2 | -ടി- | 21800084/ 02-05-18 | 16,440 | 01-04-18 മുതൽ 30-04-18 വരെ 24 ദിവസത്തിന് 685/- രൂപ നിരക്കിൽ നിലവിലെ താൽക്കാലിക ഡ്രൈവർ ശ്രീ.വി.സി മൻസൂറിന് നൽകിയത്. |
| 3 | -ടി- | 21800181/ 02-06-18 | 9,590 | 01-05-18 മുതൽ 16-05-18 വരെ 14 ദിവസത്തിന് 685/- രൂപ നിരക്കിൽ നിലവിലെ താൽക്കാലിക ഡ്രൈവർ ശ്രീ.വി.സി മൻസൂറിന് നൽകിയത്. |
| 4 | ഇന്ധനച്ചെലവ് | 21800131/ 16-05-18 | 19,503 | 14-03-18, 22-03-18, 28-03-18, 31-03-18, 09-04-18, 17-04-18, 24-04-18 എന്നീ തീയതികളിൽ ഐ.ബി.പി ഓട്ടോ സർവ്വീസ്, പടപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും ഡീസൽ അടിച്ചത്. |
| 5 | -ടി- | 21800421/ 14-09-18 | 5,104 | 04-05-18, 11-05-18, 13-05-18, 15-05-18, 16-05-18 എന്നീ തീയതികളിൽ ഐ.ബി.പി ഓട്ടോ സർവ്വീസ്, പടപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും ഡീസൽ അടിച്ചത്. |
| **ആകെ** | | | **61,507** | |

ഗ്രാമ പഞ്ചായത്തിന് വാഹനം ഉണ്ടായിരിക്കുകയും ഡ്രൈവർ തസ്തിക ഇല്ലാതിരിക്കുകയോ, തസ്തികയിൽ ആളില്ലാതിരിക്കുകയോ ചെയ്യുമ്പോഴാണ് ദിവസ വേതനത്തിൽ ഡ്രൈവറെ നിയമിക്കാൻ അനുമതിയുള്ളത്. എന്നാൽ പഞ്ചായത്തിന് വാഹനം ഇല്ലാതായ അവസ്ഥയിൽ, ദിവസ വേതനക്കാരനായ ഡ്രൈവറെ നിലനിർത്താനായി ഒരു വാഹനം വാടകക്കെടുത്തിന്റെ നിയമ സാധുത വ്യക്തമല്ല.

ബന്ധപ്പെട്ട ഫയൽ പരിശോധനക്കായി ഹാജരാക്കേണ്ടതും ഡ്രൈവറുടെ കൂലി, ഇന്ധനച്ചെലവ്, മെയിന്റനൻസ് ചാർജ് എന്നിവ ഒഴിവാക്കി ഇത്തരത്തിൽ വാഹനം വാടകക്ക് എടുത്തതിന് ആധാരമാക്കിയ സർക്കാർ അനുമതി വിവരം ലഭ്യമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് 03-09-2019 -ന് നൽകിയ 6 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടാക്സി വാഹനം ലഭ്യമാകാത്തതിനാലാണ് ഭരണസമിതിയുടെ തീരുമാന പ്രകാരം റെന്റ് എ കാർ എടുത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ടാക്സി വാഹനം ലഭ്യമായിട്ടില്ലെന്ന് കാണിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ഈ നടപടിക്ക് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടുമില്ല.

ആയതിനാൽ സർക്കാർ അനുമതിയില്ലാതെ റെന്റ് എ കാർ വ്യവസ്ഥയിൽ വാഹനം വാടകക്കെടുത്തിലൂടെ ഡ്രൈവറുടെ വേതനം, ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിൽ അധികമായി നൽകിയ 61,507 രൂപയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു.

# 1-18 മരുന്നു മുഴുവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ "പാങ്ങ് പി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ" എന്ന പദ്ധതിയിൽ (പ്രൊജക്ട് നം.126/18-19) ബിൽ നം.14/18-19 തി.16.2.19 പ്രകാരം 9 ലക്ഷം രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. മരുന്നു ലഭ്യമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണം നല്കേണ്ടതാണെന്നറിയിച്ച് ഓഡിറ്റ് എൻക്വയറി (നം-1/27-8-19) നല്കിയതിനെ തുടർന്ന് മേൽ തുകയിൽ 45,088 രൂപയുടെ മരുന്നു ലഭ്യമായിട്ടുണ്ടെന്നും ബാക്കി ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കാമെന്ന് കാരുണ്യ മെഡിസിൻ ഡിപ്പോ അറിയിച്ചിട്ടുണ്ടെന്നും മറുപടി നല്കി. ആവശ്യകത പരിഗണിച്ച മാത്രം പദ്ധതികൾ തയാറാക്കി തുക ചെലവഴിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതും, ശേഷിക്കുന്ന 8,54,912 രൂപക്കുള്ള മരുന്നു ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവു തുക 8,54,912 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 കുടിവെള്ള പദ്ധതി നവീകരണം- മാറ്റിയ സാമഗ്രികൾ അലക്ഷ്യമായി ഉപേക്ഷിച്ച നിലയിൽ

പ്രൊജക്ട് നം 260/19

ബിൽ നം.20/18-19/8-6-18 Rs. 2,50,000

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. Providing and fixng PVC pipes (50.18.9.8.1) 50.40 m @ 292.89 = 14761.66
2. Supply& erection of Electric motor 7.5 HP(od160924/17-18)@18135= 136012.50
3. Providing and placing polyethlene Water tank 10000 ltr @ 9.95/L = 99,500

പ്രസ്തുത ഇനങ്ങൾ ചെയ്തതായി ബിൽ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രയോജനക്ഷമത പരിശോധിക്കുന്നതിനായി അസി. എഞ്ചിനിയറുടെ കൂടെ നടത്തിയ സ്ഥല പരിശോധനയിൽ, നിലവിൽ ഉണ്ടായിരുന്ന കുടിവെള്ള പദ്ധതിയുടെ നവീകരണമാണ് നടത്തിയത് എന്നു മനസ്സിലായി. എന്നാൽ ഫയലിൽ അത്തരം പരാമർശമില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇത്തരം കാര്യങ്ങൾ പരാമർശിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം 7.5 HP മോട്ടോർ, 10000 Ltr. ടാങ്ക് എന്നിവ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. മാറ്റിയ മോട്ടോർ, സ്വിച്ച് ബോർഡ് എന്നിവ സൈറ്റിൽ അലക്ഷ്യമായി ഉപേക്ഷിച്ചതായാണ് കാണുന്നത്. അവ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.

(സ്ഥല പരിശോധനാ റിപ്പോർട്ടിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, നടപടികൾ പൂർത്തിയാക്കി ലേലം ചെയ്തു പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ 6-9-19 ന് മറുപടി നൽകിയിട്ടുണ്ട്. നടപടി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.)

## 1-20 തുല്യതാ പരീക്ഷ:വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ "പത്താം തരം/പ്ലസ് ടു തുല്യതാ പരീക്ഷ" എന്ന പ്രോജക്ടിനായി(നമ്പർ:S0141/2018-19) 123350/-രൂപ (ചെക്ക് നമ്പർ 225017 തിയതി 28.3.19-തനതു ഫണ്ട്) കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

മേൽ പദ്ധതി പ്രകാരം ആകെ മൂന്ന് കാറ്റഗറിയിലായുള്ള 60 പേരിൽ എല്ലാവരും പരീക്ഷ എഴുതിയോ എന്നതും, എത്ര പേർ പരീക്ഷ എഴുതി എന്നതുമുൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇല്ല. കൂടാതെ തുകയുടെ കൈപ്പറ്റ് രശീതി, ചെലവഴിച്ച തുക

ഉദ്ദിഷ്ട കാര്യത്തിന് തന്നെ വിനിയോഗിച്ച എന്നതിന് വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തുടങ്ങിയവയും ലഭ്യമായിട്ടില്ല.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം ആരാഞ്ഞു എൻക്വയറി നം.10/5.9.2019 നല്കിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 123350/-രൂപ തടസം ചെയ്യുന്നു.

# 1-21 SC കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ -ചെലവ് രേഖകൾ ലഭ്യമാക്കാതെ ആനുകൂല്യം നൽകി

പ്രോജക്ട് : 156/19, കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ പട്ടിക ജാതിക്കാർക്ക്.

ബിൽ നം : 25/15.03.2019 തുക : 20,000/- (വികസന ഫണ്ട്-എസ്.സി.പി)

ബിൽ നം : 32/21.03.2019 തുക : 10,000/- (വികസന ഫണ്ട്-എസ്.സി.പി)

നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി.

**എ)** ബിൽ നം.25 പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് 10,000 രൂപ വീതം ശ്രീ.അയ്യപ്പൻ.ടി.പി., ശ്രീമതി.കുപ്പ എന്നിവർക്ക് നൽകിയിട്ടുണ്ട്. ശ്രീമതി.കുപ്പ കുറുവ ഗ്രാമീണ ശുദ്ധജല വിതരണ സമിതിയിൽ കുടിവെള്ള കണക്ഷനു വേണ്ടി 50/-രൂപ അപേക്ഷാ ഫീസ് നൽകിയതൊഴികെ രണ്ടു ഗുണഭോക്താക്കളുടെയും യഥാർത്ഥ ചെലവു വിവരങ്ങൾ സംബന്ധിച്ച രേഖകൾ ആനുകൂല്യത്തിനുള്ള അപേക്ഷയോടൊപ്പം ചേർത്തുവെച്ചിട്ടില്ല.

**ബി)** ബിൽ നം.32 പ്രകാരമുള്ള 10,000/-രൂപ ശ്രീമതി.ജാനകി എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കുറുവ ഗ്രാമീണ ശുദ്ധജല വിതരണ സമിതിയിൽ കുടിവെള്ള കണക്ഷനു വേണ്ടി ഒടുക്കിയ50/-രൂപ (രശീതി നം. 369/28.01.19), കണക്ഷൻ ചാർജ് 5000/-രൂപ (രശീതി നം.751/11.3.2019), പരി ഹാർഡ് വെയർ പടറമ്പിൽ നിന്ന് മെറ്റീരിയൽസ് വാങ്ങിയതിന്റെ തുക2500/-രൂപ (ഇൻവോയ്സ് നം.B2C/07770/ 17.03.2019) എന്നിങ്ങനെ ആകെ 7550/-രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ചേർത്തുവെച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യഥാർത്ഥ ചെലവ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. 2450/-രൂപ അധികം നൽകിയിട്ടുണ്ട്.

2450/-രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണവും രേഖകളും ലഭ്യമാക്കേണ്ടതിന് 03/02.09.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി.2450/-രൂപ കൂലിച്ചെലവാണെന്നും ആയതിന്റെയും മറ്റുള്ളവയുടെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

രേഖകൾ ഹാജരാക്കുന്നതു വരെ 22,400/- രൂപ(19,950+2,450)യുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 1-22 യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകളില്ലാതെ സ്വകാര്യ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

**പ്രോജക്ട് : 03/2019, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ**

ബിൽ നം: 14/25.01.2019 തുക : 3,83,572/- (വികസന ഫണ്ട്-എസ്.സി.പി)

ഇൻവോയ്സ് നം./തീയതി : AM0062/23.01.2019 (Amster Buisiness Corporation,Kondotty) 14 Nos.

ബിൽ നം: 35/20.03.2019 തുക : 1,91,786/- (വികസന ഫണ്ട്-എസ്.സി.പി)

ഇൻവോയ്സ് നം./തീയതി : AM0088/20.03.2019 (Amster Buisiness Corporation,Kondotty) 07 Nos.

ആകെ : 5,75,358/-

നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി.

ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിശ്ചിത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് നൽകുന്നതിന് അനുമതിയുള്ളത്. 14.02.2018ലെ സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക നമ്പർ 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയതാണ്.

പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ സമർപ്പിക്കാത്ത താഴെ പറയുന്ന 8 വിദ്യാർത്ഥികൾക്ക് 27,398 വിലയുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.അക്ഷയ് ദേവ്.ടി.പി. | CMA+Bcom | MC അക്കാദമി, മലപ്പുറം |
| 2 | കുമാരി.ബിൻസി.പി.എ. | BA(Sociology) | ഏറനാട് കോ.ഓപ്.കോളേജ്, മഞ്ചേരി |
| 3 | കുമാരി.ശ്രീലക്ഷ്മി.ആർ.വി. | BA(English) | സെന്റ് മേരീസ് കോളേജ്, പുത്തനങ്ങാടി |
| 4 | ശ്രീ.വിജു.പി. | BA(English) | SIMS കോളേജ്,മലപ്പുറം |
| 5 | കുമാരി.ബിൻസി.എ.പി. | Bcom | കോ.ഓപ്.ആർട്സ് &സയൻസ് കോളേജ്, മലപ്പുറം |
| 6 | ശ്രീ.ശരത്.എ. | Bcom | മഹാത്മാ കോളേജ്, വളാഞ്ചേരി |
| 7 | കുമാരി.രാധിക.കെ. | BA(Sociology) | MAS കോളേജ്, മലപ്പുറം |
| 8 | ശ്രീ.സുദേവൻ.കെ.സി. | BBA | SIMS കോളേജ്, മലപ്പുറം |

മേൽ വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് 04/02.09.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതു വരെ 2,19,184/-രൂപ (27,398 x 8) യുടെ ചെലവ് തടസ്സം ചെയ്യുന്നു. രജിസ്ട്രേഷൻ രേഖകൾ ഇല്ലാത്ത പക്ഷം ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കുന്നതാണ്.

## ഭാഗം – 2

ഇല്ല

## ഭാഗം – 3

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.7.2019,18.7.2019 | കെ.എസ്.എ.എം.പി.എം11/1182/2019 തി.7.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര്/നമ്പർ | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | നെൽകൃഷിക്ക് കൂലിച്ചെലവ് | 297500 | 297500 | - |
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷിക്ക് കൂലിച്ചെലവ് | 297500 | 297500 | - |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 773507 | 773507 | - |
| ജില്ലാ പഞ്ചായത്ത് | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | 472750 | 472750 | - |
| ബ്ലോക്ക് പഞ്ചായത്ത് | പ്രത്യേക പരിഗണനയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 250000 | 50000 |
| ജില്ലാ പഞ്ചായത്ത് | പ്രത്യേക പരിഗണനയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 296100 | 3900 |
| ബ്ലോക്ക് പഞ്ചായത്ത് | വല്ലംകുളം പുനരുദ്ധാരണം കുടിവെള്ള സ്രോതസ്സ് സംരക്ഷണം | 650000 | 650000 | - |
| ജില്ലാ പഞ്ചായത്ത് | വല്ലംകുളം പുനരുദ്ധാരണം കുടിവെള്ള സ്രോതസ്സ് സംരക്ഷണം | 1500000 | - | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 650000 | 650000 | - |
| ബ്ലോക്ക് പഞ്ചായത്ത് | പാങ് ജി.യു.പി സ്കൂളിൽ സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് | 200000 | 1072 | 198928 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | വ്യവസായ പ്ലോട്ട് ഷ്രെഡ്ഡിംഗ് യൂണിറ്റ് വൈദ്യുതീകരണം | 963/15.11.18 | 100000 | 100000 | പൂർത്തീകരിച്ചു | ഇല്ല |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന പദ്ധതി | GO(MS) 207/2009/LSGD Dt: 07/11/2009 | 2802500 | 839000 | 280500 | 83669 | 558500 |
| 2 | LIFE | ലഭ്യമല്ല | 1550652 | - | - | - | - |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 2-3 | 2500 | വി.ജി. ലളിത കുമാരി | 118030100762 തീ.24-04-18 |
| 2015-16 | 2-3 | 107 | ചക്കത്തൊടി നസീറ | 118030100785 തീ.24-04-18 |
| 2015-16 | 2-3 | 100 | ഡോ. ഷഹീദ് | 118030100785 തീ.24-04-18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 | 36 | 2003-04 | | സോപ്പ് നിർമ്മാണ യൂണിറ്റ് (പൊതു പരാമർശം) | നിയമസഭാ സമിതി പരിഗണിച്ചു വരുന്നു. |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തി-അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2(2) | 2016-17 | | അനുബന്ധം | ,, |

# 4-9 ചാർജ്,സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക-ഇല്ല

## (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL/SC3/2000 7.1.2002 | 492 | | 492 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2 | 99-200 | | രജനി.പി. കൃഷി ഓഫീസർ | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-6614/ special cell /SC-5/2005/31.5.2006 | 54048 | 0 | 54048 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2006-07 | 2-1 | ടി.ദിലീപ് കുമാർ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ special cell /SC-5/2010/2.5.12 | 7811 | | 7811 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4 | 2006-07 | 3-11 | ടി.ദിലീപ് കുമാർ, സെക്രട്ടറി | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ special cell /SC-5/2010/2.5.12 | 51930 | | 51930 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,02,01,968 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,60,78,758 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| [illegible] | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 20,91,923 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 810570 | ശ്രീ.ഉണ്ണികൃഷ്ണൻ.ആർ.പി,റിട്ട. സെക്രട്ടറി |
| 1-17 | 61507 | ശ്രീ.ഉണ്ണികൃഷ്ണൻ.ആർ.പി,റിട്ട. സെക്രട്ടറി |
| 1-18 | 854912 | Dr. പ്രസന്നകുമാർ, മെഡിക്കൽ ഓഫീസർ |
| 1-20 | 123350 | ശ്രീമതി . സുബൈദ ടീച്ചർ, ഹെഡ് മിസ്ട്രസ്സ് |
| 1-22 | 22400 | ശ്രീ. പി.അരവിന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 219184 | “” |
| ആകെ | 20,91,923 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം 14/1383(1)/99 തിയ്യതി07.10.10 | 21 |
| 1997-98 | എൽ എഫ് എം 14/1382/99 തിയ്യതി 07.10.10 | 21 |
| 1998-99 | എൽ എഫ് എം 11/147/04 തിയ്യതി 07.10.10 | 13 |
| 1999-2000 | എൽ എഫ് എം 14/570/03 തിയ്യതി 07.10.10 | 14 |
| 2000-01 | എൽ എഫ് എം 11/571/03 തിയ്യതി 07.10.10 | 19 |
| 2001-02 | എൽ എഫ് എം 12/485/08 തിയ്യതി 07.10.10 | 25 |
| 2002-03 | എൽ എഫ് എം 12/2090/06 തിയ്യതി 07.10.10 | 13 |
| 2003-04 | എൽ എഫ് എം 12/2350/07 തിയ്യതി 07.10.10 | 13 |
| 2004-05 | എൽ എഫ് എം 12/1146/08 തിയ്യതി 07.10.10 | 16 |
| 2005-06 | എൽ എഫ് എം 12/2120/09 തിയ്യതി 07.10.10 | 15 |
| 2006-07 | എൽ എഫ് എം 12/2121/09 തിയ്യതി 07.10.10 | 22 |
| 2007-08 | എൽ എഫ് എം 11/2041/10 തിയ്യതി 18.02.11 | 14 |
| 2008-09 | എൽ എഫ് എം 11/2042/10 തിയ്യതി 16.03.11 | 5 |
| 2009-10,10-11 | എൽ എഫ് എം 11/381/13 തിയ്യതി 13.08.13 | 27 |
| 2011-12,12-13 | കെ എസ് എ എം പി എം 11/224/15 തിയ്യതി 22.09.15 | 20 |
| 2013-14,14-15 | കെ എസ് എ എം പി എം 11/1431/2016 തിയ്യതി 28.06.17 | 17 |
| 2015-16 | കെ എസ് എ എം പി എം 11/2684/2016 തിയ്യതി 24.10.16 | 14 |
| 2016-17 | കെ എസ് എ എം പി എം 11/1432/2017 തിയ്യതി 21.07.18 | 22 |
| 2017-18 | കെ എസ് എ എം പി എം 11/2425/2018 തിയ്യതി 4.05.2019 | 17 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**

**മലപ്പുറം**

# Annexure-1 AUDIT CERTIFICATE

KSAMPM.11/2293 /2019


Kerala State Audit Department

District Audit Office, Malappuram

Pin-676505 Phone:048327349

dompm.ksad@kerala.gov.in


Date 14-10-2019

Certified that I have examined the Annual Financial Statement of **Kuruva Grama Panchayath** for the year ended on 31.03.2019 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, the rules made thereunder and the guidelines issued by the Comptroller and Auditor General of India for the certification of Accounts of Panchayathi Raj Institutions.

In my opinion the financial statement of **Kuruva Grama Panchayath** for the year 2018-19 subject to the observations in the Annexure, properly presents the picture of Income,Expenditure and Closing balance.

**Deputy Director(HG)**

# **Annexure-2 ഓഡിറ്റ് സാക്ഷ്യപത്രം**

കെ.എസ്.എ.എം.പി.എം.11/2293/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 14-10-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **കുറുവ ഗ്രാമപഞ്ചായത്തിന്റെ** 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുറുവ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ )**

## Annexure-3 വാർഷിക കണക്ക് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**